"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നടപ്പ് സാമ്പത്തിക വർഷം (2024-25) 4220-60-101-63 Modernization of District Offices and Establishing Media Centers എന്ന ശീർഷകത്തിൽ നിന്നും സ്റ്റേറ്റ് ഇൻഫർമേഷൻ ഹബിന്റെ നിർമ്മാണ പ്രവർത്തികൾക്ക് തുക വിനിയോഗിക്കുന്നതിനും ഹാബിറ്റാറ്റ് ടെക്നോളജി വിഭാഗം പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.89/2024/I&PRD    തിരുവനന്തപുരം, തീയതി,08-08-2024

---

പരാമർശം:-
1. ഹാബിറ്റാറ്റ് ടെക്നോളജി വിഭാഗം സീനിയർ എഞ്ചിനീയറുടെ 01-07-2024 തീയതിയിലെ HTG/2024/07/435 നമ്പർ കത്തും പ്രൊപ്പോസലും
2. 08-07-2024 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

**ഉത്തരവ്**

നടപ്പ് സാമ്പത്തിക വർഷം (2024-25) 4220-60-101-63 Modernization of District Offices and Establishing Media Centers എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ (അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 35,50,000/- രൂപ (മുപ്പത്തി അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചെലവിൽ ടാഗോർ തിയറ്റർ കോമ്പൗണ്ടിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് പരാമർശം (1) പ്രകാരം ഹാബിറ്റാറ്റ് ടെക്നോളജി വിഭാഗം സീനിയർ എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. 08-07-2024 തീയതിയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് വിശദമായി പരിശോധിച്ച ശേഷം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ (2024-25) 4220-60-101-63 Modernization of District Offices and Establishing Media Centers എന്ന ശീർഷകത്തിൽ നിന്നും 35,50,000/- രൂപ (മുപ്പത്തി അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചെലവിൽ ടാഗോർ തിയറ്റർ കോമ്പൗണ്ടിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കി വകുപ്പിന് നൽകുന്നതിന് തുക വിനിയോഗിക്കുന്നതിനും ടി കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ,

പ്ലംബിംഗ്, ലാന്റ് സ്കേപ്പ് തുടങ്ങിയ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി വിഭാഗം, പൂജപ്പുര, തിരുവനന്തപുരം സ്ഥാപനത്തിന് അനുമതി നൽകിയും ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ജോയിന്റ് സെക്രട്ടറി

ചെയർമാൻ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പൂജപ്പുര, തിരുവനന്തപുരം ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ, പബ്ലിക്കേഷൻ
ഇൻഫർമേഷൻ ഓഫീസർ , റിസേർച്ച് & റഫറൻസ്/ വെബ് & ന്യൂ മീഡിയ
ധനകാര്യ വകുപ്പ്/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ& ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എ), (ബി) വകുപ്പുകൾക്ക്
സബ് ട്രഷറി ഓഫീസർ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ ഓഫീസ്/ കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 08-08-2024 12:17:28
സെക്ഷൻ ഓഫീസർ